# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1229:** **30.9.2011 ന് മറുപടിയ്ക്ക്**

## *ജോബ് ഫെസ്റ്റ് നടത്തിപ്പിലെ അപാകതകൾ*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. കെ. അജിത് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ജോബ് ഫെസ്റ്റ് അവസാനമായി നടത്തിയതെന്നാണ്; എത്ര ജില്ലകളിൽ ഈ ഫെസ്റ്റ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ വർഷം മേഖലകളായി തിരിച്ചാണ് ജോബ് ഫെസ്റ്റ് നടത്തിയത് ദക്ഷിണമേഖലയിൽ 29.8.2011-ൽ എറണാകുളത്തുവെച്ചും ഉത്തരമേഖലയിലെ 5.9.2011-ൽ കോഴിക്കോട് വച്ചുമാണ് ജോബ്ഫെസ്റ്റ് നടന്നത്. |
| (ബി) ഈ ജോബ് ഫെസ്റ്റിൽ എത്ര കമ്പനികൾ പങ്കെടുത്തു; എത്രപേരെ തൊഴിലിനായി തെരഞ്ഞെടുത്തു; വിശദമാക്കാമോ; | (ബി) ഉത്തരമേഖലയിൽ 22 കമ്പനികൾ പങ്കെടുത്തു. 42 പേരെ ഇതുവരെ തൊഴിലിനായി തെരഞ്ഞെടുത്തു. ദക്ഷിണമേഖലയിൽ 23 കമ്പനികൾ പങ്കെടുത്തു. 80 പേരെ ഇതുവരെ തൊഴിലിനായി തെരഞ്ഞെടുത്തു. |
| (സി) തൊഴിലവസരങ്ങൾ പടിവാതിൽക്കൽ എന്ന ഈ പരിപാടിയിൽ ഉൾപ്പെടുത്തി ഏതെല്ലാം തസ്തികകളിലേയ്ക്കാണ് തൊഴിലവസരങ്ങൾ ഉള്ളതായി പ്രസിദ്ധപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ; | (സി) "തൊഴിലവസരങ്ങൾ പടിവാതിൽക്കൽ" എന്ന പരിപാടിയിൽ ഉൾപ്പെടുത്തി തസ്തികകൾ ചൂണ്ടിക്കാട്ടി തൊഴിലവസരങ്ങൾ ഉള്ളതായി പ്രസിദ്ധപ്പെടുത്തിയിട്ടില്ല. |
| (ഡി) ഈ ജോബ് ഫെസ്റ്റിൽ ഉദ്യോഗാർത്ഥികൾ കബളിക്കപ്പെട്ടതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ഡി) ഇത്തരത്തിലുള്ള ഒരു പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ